**No. CEE/4900/2015/KEAM-2016/TA1**


കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001


# പത്രക്കുറിപ്പ്

# KEAM-2016

## ആയുർവേദ കോഴ്സിലേയ്ക്കും മറ്റ് മെഡിക്കൽ അനുബന്ധ കോഴ്സുകളിലേയ്ക്കുമുള്ള അലോട്ട്മെന്റ്

### ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നിർബന്ധമാണ്

2016 ലെ ആയുർവേദ കോഴ്സിലേയ്ക്കും മറ്റ് മെഡിക്കൽ അനുബന്ധ കോഴ്സുകളിലേയ്ക്കുമുള്ള ഓൺലൈൻ അലോട്ട്മെന്റ് നടപടിക്രമങ്ങൾ **15.10.2016** (**ശനിയാഴ്ച**) ആരംഭിക്കുന്നതാണ്.

ഈ അലോട്ട്മെന്റിലേയ്ക്ക് പരിഗണിക്കപ്പെടാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ അവരവരുടെ ഹോം പേജിൽ ലഭ്യമാക്കിയിട്ടുള്ള '**Confirm**' ബട്ടൺ ക്ലിക്ക് ചെയ്ത് **ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ** നടത്തേണ്ടതാണ്. ഓൺലൈൻ ഓപ്ഷൻ കൺഫർമേഷനെ തുടർന്ന് മെഡിക്കൽ അനുബന്ധ കോഴ്സുകളിൽ നിലവിലുള്ള ഹയർ ഓപ്ഷനുകൾ പുനഃക്രമീകരിക്കുന്നതിനും ആവശ്യമില്ലാത്തവ റദ്ദ് ചെയ്യുന്നതിനും, പുതുതായി ഉൾപ്പെടുത്തുന്ന ആയുർവേദ കോളേജുകളിലേയ്ക്ക് ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യുന്നതിനുമുള്ള സൗകര്യം www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ **15.10.2016** ന് ഉച്ചയ്ക്ക് **2** മണി മുതൽ **17.10.2016** ഉച്ചയ്ക്ക് ശേഷം **5** മണി വരെ ലഭ്യമാകുന്നതാണ്. വിശദമായ വിജ്ഞാപനം വെബ്സൈറ്റിൽ ലഭ്യമാക്കുന്നതാണ്.

**മേൽപറഞ്ഞ വെബ്സൈറ്റിലൂടെ നിശ്ചിത സമയത്തിനകം ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നടത്താത്തവരെ ഒരു കാരണവശാലും ഈ അലോട്ട്മെന്റിനായി പരിഗണിക്കുന്നതല്ല.**

തിരുവനന്തപുരം
14.10.2016

**പ്രവേശന പരീക്ഷാ കമ്മീഷണർ**